**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 147** **16-10-2026-ൽ മറുപടിയ്ക്ക്**

**നെല്ല് കർഷകരുടെ പ്രശ്നം പരിഹരിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നെല്ല് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കുക, ഉത്പാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കുക, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുക, ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുക, എന്നീ പ്രവർത്തനങ്ങളിലൂടെ നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനും നെൽകൃഷിയിൽ നിന്നും പരമാവധി ഉത്പാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്നത്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, സോയിൽ ഹെൽത്ത് മാനേജ്മെന്റ് ആൻഡ് പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് പദ്ധതി, സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, പുനരാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് (Restructured Weather Based Crop Insurance Scheme - RWBCIS) പദ്ധതി, Submission on Agricultural Mechanisation (SMAM)പദ്ധതി, ഉൽപ്പാദന ബോണസ്, സൗജന്യ വൈദ്യുതി പദ്ധതി (non plan) പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയാണ് നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നത്.

**നെൽകൃഷി വികസന പദ്ധതി**

സംസ്ഥാനാവിഷ്കൃത പദ്ധതിയായ "നെൽകൃഷി വികസന പദ്ധതി" പ്രകാരം വിവിധ ഘടകങ്ങൾക്കായി 8360 ലക്ഷം രൂപ 2026-27 വർഷം വകയിരുത്തി, പദ്ധതി നടപ്പിലാക്കി വരികയാണ്. ഇത് പ്രകാരം വിവിധ ഘടകങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുകയുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു .

**(ബി)** നെൽകൃഷിയെ സംരക്ഷിക്കാനും വളർത്താനും എന്തെല്ലാം പുതിയ പദ്ധതികൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

**മറുപടി:** നെല്ലിന്റെ മൂല്യവർദ്ധനവ് നടത്തി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് വിപണി കണ്ടെത്തി കർഷകന് കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനും പ്രാദേശിക ബ്രാൻഡുകൾ

പ്രോത്സാഹിപ്പിക്കുന്നതിനുമായി നെല്ലിന്റെ സംസ്കരണത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി 2027-28 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് പരിഗണനയിലുണ്ട്.

2026-27 സാമ്പത്തിക വർഷത്തിൽ **Submission on Agricultural Mechanisation (SMAM)** പദ്ധതിയുടെ ഭാഗമായി ₹149.09 കോടി മൊത്തം സാമ്പത്തിക അടങ്കലുള്ള വാർഷിക കർമപദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായത്തിനായി 29,880 ഗുണഭോക്താക്കളുടെയും അഞ്ച് കസ്റ്റം ഹയറിങ് സെന്ററുകളുടെയും 350 തിരഞ്ഞെടുത്ത ഗ്രാമങ്ങളിൽ കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെയും ലക്ഷ്യങ്ങൾ അംഗീകരിച്ചിട്ടുണ്ട്. കിസാൻ ഡ്രോണുകൾ ഉൾപ്പെടെയുള്ള കാർഷിക യന്ത്രങ്ങളുടെ പ്രദർശനം, പരിശീലനം, യന്ത്രങ്ങളുടെ പ്രവർത്തനക്ഷമതാ പരിശോധന എന്നിവയ്ക്കും പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

ഡ്രോൺ അധിഷ്ഠിത വിളസംരക്ഷണവും വളപ്രയോഗവും പ്രോത്സാഹിപ്പിക്കുന്നതിനും ഡ്രോൺ പൈലറ്റ് ലൈസൻസ് നേടുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നൂതന സാങ്കതികവിദ്യയുടെ ഉപയോഗം വ്യാപിപ്പിച്ച് വിളസംരക്ഷണം, വളപ്രയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക, കാർഷിക സേവനമേഖലയിലെ പുതിയ തൊഴിൽ സംരംഭക സാധ്യതകൾ പ്രയോജനപ്പെടുത്തുക, കാർഷിക യന്ത്രവൽക്കരണം വ്യാപിപ്പിക്കുക, കൃഷിച്ചെലവ് കുറയ്ക്കുക, തൊഴിലാളിക്ഷാമം ലഘൂകരിക്കുക, കൃഷിപ്പണികൾ സമയബന്ധിതമായി പൂർത്തികരിക്കുക, കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോട് കൂടി സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വയനാട്, തൃശ്ശൂർ, മലപ്പുറം, ആലപ്പുഴ, പാലക്കാട് എന്നീ അഞ്ച് ജില്ലകളിൽ നിന്നായി തിരഞ്ഞെടുത്ത 100 പേർക്ക് ഡ്രോൺ പൈലറ്റിങ് പരിശീലനം നൽകി കഴിഞ്ഞു.

നെൽ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നൽകാനുതകുന്ന ഗവേഷണ പ്രവർത്തനങ്ങൾ കേരള കാർഷിക സർവകലാശാല ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. World Bank, Indian Rice Research Institute (IRRI), കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, Centre for Water Resources Deveopment and Management (CWRDM), കൃഷി വകുപ്പ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ KERA (Kerala Climate Resilient Agri-Value Chain Modernisation) പദ്ധതി മുഖാന്തിരം ജലലഭ്യത കുറഞ്ഞയിടങ്ങളിൽ വിളവ് നിലനിറുത്താൻ സഹായകമാകുന്ന Alternate Wetting and Drying ഗവേഷണം നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതി

**സുസ്ഥിര നെൽകൃഷി വികസന ഘടക**ത്തിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, മുതലായ ഉത്പാദനോപാധികൾക്ക് ഹെക്ടറിന് 5500/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. ഈ ഘടകത്തിന് 7635.00 ലക്ഷം രൂപ ആണ് വകയിരുത്തിയിട്ടുള്ളത് .

**പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ**, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപനിരക്കിൽ ധനസഹായം നൽകുന്നു. നടപ്പ് വർഷം ഇതിനായി 210.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രാദേശികമായി നെൽകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 **നെൽകൃഷി വികസന ഏജൻസികൾക്കായി ഹോണറേറിയം**, സിറ്റിംഗ് ഫീസ്, പ്രോജക്റ്റധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2026-27 വർഷത്തിൽ 5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**തരിശുനില കൃഷിക്കായി** ഹെക്ടർ ഒന്നിന് 35,000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ ആനുകൂല്യം നൽകുന്നു. 2026-27 സാമ്പത്തിക വർഷത്തിൽ 300 ഹെക്ടർ തരിശ് നെൽവയൽ കൃഷിയോഗ്യമാക്കുന്നതിനായി 120.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു .

ഞവര, ബസ്മതി, രക്തശാലി എന്നീ **പ്രത്യേക നെല്ലിനങ്ങളുടെ കൃഷി** 200 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ 20.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

തൃശ്ശൂർ ജില്ലയിലെ **കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനും** ഒരുപ്പ് കൃഷിയിറക്കുന്ന കോൾ പടവുകളിൽ ഇരുപ്പ് കൃഷി ഇറക്കുന്നതിനും ഓപ്പറേഷൻ ഡബിൾ കോൾ എന്ന ഘടകത്തിൽ 25.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. ഒരുപ്പ് കൃഷിയിറക്കുന്ന കോൾ പടവുകളിൽ ഇരുപ്പ് നെൽകൃഷി, അല്ലെങ്കിൽ ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി ആണ് ധനസഹായം നൽകുന്നത്.

2026-27 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള **സർട്ടിഫൈഡ് നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന്** രജിസ്റ്റേർഡ് വിത്തുത്പാദക ഘടകത്തിൽ 1164.5718 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിന് 115.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

**ഡ്രോൺ ഉപയോഗിച്ച് പത്രപോഷണ**ത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനായി 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## സോയിൽ ഹെൽത്ത് മാനേജ്മെന്റ് ആൻഡ് പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് പദ്ധതി

മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുക, കൃഷിച്ചെലവ് കുറയ്ക്കുക, ജൈവിക രോഗനിയന്ത്രണ മാർഗങ്ങൾ പ്രോത്സാഹിപ്പിക്കുക, നെൽകൃഷിയുടെ സുസ്ഥിരത ഉറപ്പാക്കുക, ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുക, നെൽകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നായ മണ്ണിന്റെ അമ്ലത്വം നിയന്ത്രിക്കുന്നതിനാവശ്യമായ ഡോളോമൈറ്റ്/ കുമ്മായം എന്നിവ സമയാസമയം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് സംസ്ഥാനാവിഷ്കൃത പദ്ധതിയായ സോയിൽ ഹെൽത്ത് മാനേജ്മെന്റ് ആൻഡ് പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നത് . ഒരു ഹെക്ടറിന് 5,400 രൂപ എന്ന നിരക്കിലാണ് ധനസഹായം നൽകുന്നത് . 1880.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പദ്ധതി പ്രകാരം മണ്ണിന്റെ ആരോഗ്യവും ഉൽപ്പാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിന് കർഷകർക്ക് ആവശ്യമായ അളവിൽ നീറ്റുകക്കയും ഡോളോമൈറ്റും നൽകുന്നു.
കൂടാതെ നെല്ലിനെ ബാധിക്കുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി "പ്രൊഡക്ഷൻ ഓഫ് ട്രൈക്കോഡെർമ ആൻഡ് സ്യൂഡോമോണാസ് യൂസിങ് ലോ കോസ്റ്റ് ടെക്നോളജി ഓഫ് NIPHM (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ്, ഹൈദരാബാദ്)" എന്ന ഘടകവും നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കർഷകർക്ക് കുറഞ്ഞ ചെലവിൽ സ്വന്തം കൃഷിയിടങ്ങളിൽ തന്നെ ട്രൈക്കോഡെർമ, സ്യൂഡോമോണാസ് എന്നീ ജൈവ രോഗ നിയന്ത്രണ ഉപാധികൾ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നു. ഇവയുടെ പ്രയോഗം വിളകളിലെ രോഗബാധ നിയന്ത്രിക്കുന്നതിനും രോഗബാധ മൂലമുണ്ടാകുന്ന വിളനാശം കുറയ്ക്കുന്നതിനും സഹായിക്കുന്നു. ഇതിലൂടെ നെൽകൃഷി സംരക്ഷിക്കുന്നതിനും നെല്ലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുന്നതിനും സാധിക്കുന്നു

## വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി

നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, പുനരാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് (RWBCIS) പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെല്ലിന് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35000 രൂപയും നഷ്ടപരിഹാരമായി നൽകുന്നു. നെൽകൃഷിക്ക് കീടരോഗബാധ മൂലം 50% ൽ അധികം നഷ്ടം ഉണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം നെല്ലിന് ഹെക്ടറിന് 17000 രൂപ നഷ്ടപരിഹാരം നൽകി വരുന്നു. പുനരാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് (RWBCIS) പദ്ധതി പ്രകാരം ഖരീഫ് സീസണിൽ വിളയുടെ ഇൻഷ്വറൻസ് ആനുകൂല്യത്തിന്റെ 2 ശതമാനവും റാബി

സീസണിൽ 1.5 ശതമാനവും കർഷകർ പ്രീമിയം അടക്കുമ്പോൾ നാശനഷ്ടപരിഹാരമായി ഹെക്ടറിന് 80,000 രൂപ എന്ന നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു. ഇൻഷ്വറൻസ് പ്രീമിയത്തിന്റെ വലിയൊരു വിഹിതം കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നതിനാൽ കർഷകർക്ക് കുറഞ്ഞ പ്രീമിയത്തിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. ഇതിനു പുറമെ പ്രകൃതിക്ഷോഭം മൂലം നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കുവാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു.

**കാർഷിക യന്ത്രവൽക്കരണം**

സംസ്ഥാനത്തെ നെൽകർഷകർ നേരിടുന്ന തൊഴിലാളിക്ഷാമം, ഉയർന്ന കൃഷിച്ചെലവ്, കൃഷിപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലെ ബുദ്ധിമുട്ടുകൾ എന്നിവ പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ "സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ" (SMAM), പ്രധാനമന്ത്രി-രാഷ്ട്രീയ കൃഷി വികാസ് യോജന (PM-RKVY) എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. SMAM മാർഗനിർദേശങ്ങൾ പ്രകാരം യന്ത്രത്തിന്റെ ഇനം, ഗുണഭോക്തൃവിഭാഗം, അനുവദനീയമായ ചെലവ്, പരമാവധിസഹായപരിധി എന്നിവയ്ക്കനുസരിച്ച് 40-50% വരെ സബ്സിഡി വ്യക്തിഗത ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നു. പദ്ധതിയിലൂടെ നടീൽ യന്ത്രങ്ങൾ, കൊയ്ത്ത്-മെതിയന്ത്രങ്ങൾ ഉൾപ്പെടെയുള്ള കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് അർഹരായ കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നു. കസ്റ്റം ഹയറിങ് സെന്ററുകൾ (CHC), ഫാം മെഷിനറി ബാങ്കുകൾ (FMB) എന്നിവ മുഖേനയും കർഷകർക്ക് യന്ത്രങ്ങളും ഉപകരണങ്ങളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കസ്റ്റം ഹയറിങ് സെന്ററുകൾക്ക്, അംഗീകരിച്ച പദ്ധതി ചെലവിന്റെ 40% വരെയും, തിരഞ്ഞെടുത്ത ഗ്രാമങ്ങളിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് 80% വരെയും നിശ്ചിത വ്യവസ്ഥകൾക്കും പരിധികൾക്കും വിധേയമായി സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു .

കഴിഞ്ഞ അഞ്ച് വർഷത്തെ ലഭ്യമായ കണക്കുകൾ പ്രകാരം സബ്സിഡി പദ്ധതിയിലൂടെ 369 സ്വയം പ്രവർത്തിക്കുന്ന ജാക്ക് ടൈപ്പ് കൊയ്ത്ത് മെതി യന്ത്രങ്ങളും 13 ട്രാക്ടർ ഘടിപ്പിക്കുന്ന കൊയ്ത്ത് മെതി യന്ത്രങ്ങളും 121 സ്വയം പ്രവർത്തിക്കുന്ന നടീൽ യന്ത്രങ്ങളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സബ്സിഡി പദ്ധതികൾ മുഖേന ഏകദേശം 3,000 ട്രാക്ടറുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം യന്ത്രങ്ങളുടെ ലഭ്യത നെൽകൃഷിയിലെ തൊഴിലാളിക്ഷാമം ലഘൂകരിക്കുന്നതിനും നടീൽ, കൊയ്ത്ത് തുടങ്ങിയ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സഹായകരമാകുന്നു.

**പദ്ധതിയേതര സഹായങ്ങൾ**

നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000/- രൂപ നൽകുന്നു. ഇതിനായി 2026-27 വർഷത്തിൽ 1368.50 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും **ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ചു** വരുന്നുണ്ട്. ഇതിനായി 2026-27 വർഷത്തിൽ 3692.00 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

**ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ**

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല് ) പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. പ്രദർശന പ്ലോട്ടുകൾ, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി 2026-27 സാമ്പത്തിക വർഷത്തിൽ 14.801 ലക്ഷം രൂപയാണ് പദ്ധതി വിഹിതം. നാഷണൽ സീഡ് റിസർവ് ഘടകത്തിൽ 18.36 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**ജനകീയാസൂത്രണ പദ്ധതികൾ**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുമുള്ള ആനുകൂല്യവും (പരമാവധി 25000/- രൂപ/ഹെക്ടർ) കർഷകർക്ക് ലഭിക്കും. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ്. കൂടാതെ തരിശു നെൽകൃഷിക്ക് 40000 രൂപ /ഹെക്ടർ എന്ന നിരക്കിൽ (35000 രൂപ / ഹെക്ടർ കർഷകനും 5000 രൂപ /ഹെക്ടർ ഉടമസ്ഥനും) ആനുകൂല്യവും നൽകുന്നു.

**പുതിയ നെല്ലിനങ്ങൾ**

കാലാവസ്ഥ വ്യതിയാനത്തിന്റെ സാഹചര്യത്തിൽ പുതിയ നെല്ലിനങ്ങളും വികസിപ്പിച്ചു വരുന്നു 2024 നവംബർ മാസത്തിൽ ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള 2 പുതിയ നെൽ ഇനങ്ങൾ കാർഷിക സർവ്വകലാശാല കർഷകർക്കായി സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**